## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ * 190 — 04.05.2017- ൽ മറുപടിയ്ക്ക്

## കാർഷികോല്പന്ന വിപണന മേഖലയിൽ സഹകരണ സംഘങ്ങളുടെ ഇടപെടൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഒ. ആർ. കേളു<br>" കെ.വി.വിജയദാസ്<br>" എം. രാജഗോപാലൻ<br>" മുരളി പെരുനെല്ലി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കാർഷികോല്പന്ന വിപണന മേഖലയിൽ സഹകരണ സംഘങ്ങൾ നേരിട്ട് ഇടപെട്ട് ന്യായവില ഉറപ്പാക്കാൻ വേണ്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>കാർഷികോൽപ്പന്നങ്ങൾ താങ്ങുവില നൽകി കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുന്നതിന് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിക്കുന്ന പരിപാടികളായ നെല്ല് സംഭരണം, തേങ്ങ/കൊപ്ര സംഭരണം എന്നിവ സഹകരണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കാറുണ്ട്.<br><br>ശീതകാല പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വട്ടവട , മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപണന സഹായത്തിനുള്ള പലിശ സബ്സിഡി നൽകുന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് 2017-18 വർഷത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾ നടത്തുന്ന സുവർണ്ണം ഷോപ്പുകളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനുള്ള ശീത സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഫെഡറേറ്റഡ് സംഘങ്ങൾ രൂപീകരിച്ച് സംഘങ്ങളുടെ ശൃംഖല വഴി കാർഷികോല്പന്നങ്ങൾ നിയന്ത്രണമില്ലാതെ ശേഖരിക്കുന്നതിനും ആവശ്യാനുസരണം വിപണിയിൽ ന്യായവിലയ്ക്ക് എത്തിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | മാർക്കറ്റ്ഫെഡ്, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേര ഫെഡ് എന്നീ അപ്പക്സ് സംഘങ്ങൾ അവയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി അംഗസംഘങ്ങളുടെ ശൃംഖല വഴി കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്തി വരുന്നുണ്ട്. |
| സി) | ഭൂമി പാട്ടത്തിനെടുത്ത് കൃഷിക്ക് തയ്യാറാകുന്ന കർഷക കൂട്ടായ്മകൾക്ക് വായ്പ നൽകാൻ നിലവിൽ പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ? | (സി) | കർഷക കൂട്ടായ്മകൾക്ക് സംഘങ്ങൾ സ്വന്തം നിലയിൽ വായ്പകൾ നൽകി വരുന്നുണ്ട്. ഇതിനായി സർക്കാർ പ്രത്യേക പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**